പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6082 — 28-10-2011 -ൽ മറുപടിക്ക്.

**കള്ള് ചെത്തു വ്യവസായത്തെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. റ്റി. ജോർജ്<br>" ബെന്നി ബെഹനാൻ<br>" ജോസഫ് വാഴക്കൻ<br>" പാലോട് രവി | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | കള്ള് ചെത്തു വ്യവസായത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് ഏതെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | കള്ള് ചെത്തു വ്യവസായത്തെ, ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ സംരക്ഷിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വില്പന നടക്കാത്ത കള്ളു ഷാപ്പുകളുടെ റെന്റൽ തുക 50% കുറച്ച് വില്പന നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഷാപ്പുകൾ ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ, അവ തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുന്നതാണ്. തൊഴിലാളി യൂണിയനുകളുടെ ആവശ്യ പ്രകാരം, തൃശ്ശൂർ താലൂക്കിലെ കള്ള് ഷാപ്പുകൾ, റേഞ്ചടിസ്ഥാനത്തിൽ വില്പന നടത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കള്ള് ചെത്ത് തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | കള്ള് ഷാപ്പുകൾ അടഞ്ഞു കിടക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും 2000/- രൂപാ വീതം തൊഴിലാളികൾക്ക് നൽകുന്നതിനായി, തൃശ്ശൂർ ജില്ലയ്ക്ക് 15 ലക്ഷം രൂപയും, മലപ്പുറം ജില്ലയ്ക്ക് 22,54,000/ രൂപയും, തിരുവനന്തപുരം ജില്ലയ്ക്ക് 12,46,000/- രൂപയും അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ തുക വിതരണം ചെയ്തു കഴിഞ്ഞു. |
| (സി) | തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഈ സർക്കാർ എത്ര തുക കൂടുതലായി അനുവദിക്കുകയുണ്ടായി; | (സി) | കൂടുതലായി തുക അനുവദിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന കള്ളു ഷാപ്പുകൾ തുറക്കാൻ നടപടി എടുക്കുമോ; | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഇങ്ങനെ തുറക്കാൻ ഉദ്ദേശിക്കുന്ന ഷാപ്പുകളിൽ വ്യാജകള്ള് വിൽക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിക്കും. |

സെക്ഷൻ ആഫീസർ